(ചെറുകഥ)

# പീറ്റർ ഡേവിസിന്റെ ഓർമ്മക്ക്

(ജോർജ്ജ് ഓലിക്കൽ)

പീറ്റർ ജോസഫ് ഡേവിസ് എന്നാണ് മുഴുവൻ പേര്, ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം അമേരിക്കയിലേക്ക് കുടിയേറിയ പോളീഷ് കുടുംബത്തിലെ രണ്ടാം തലമുറയിൽപ്പെട്ട പീറ്ററിനെ പരിചയപ്പെട്ട നാൾ വഴികൾ ഇപ്രകാരമയിരുന്നു.

1992- ൽ അമേരിക്കയിൽ എത്തി, കീസ്റ്റോൺ സ്റ്റേററ് എന്ന അപര നാമത്തിൽ അറിയപ്പെടുന്ന പെൻസിൽവേനിയായിലെ ചരിത്ര പ്രസിദ്ധമായ ഫിലാഡൽഫിയായിൽ താമസമാക്കി. പൈൻ മരങ്ങളുടെ താഴ്വരയും അമേരിക്കയുടെ ആദ്യകാല തലസ്ഥാനവും സാഹോദര്യ സ്നേഹത്തിന്റെ നഗരവുമെന്നറിയപ്പെടുന്ന ഫിലാഡൽഫിയായുടെ സബെർബിലെ ഒരു എൻവയോൺമെന്റൽ ലാബിൽ ജോലി ചെയ്തിരുന്നപ്പോഴാണ് സിറ്റി ഗവൺമെന്റിൽ ജോലി സാദ്ധ്യതകൾ ഉൺട്ന്നറിഞ്ഞ് ആപേക്ഷിച്ചത്.

ഒരു ഗവൺമെന്റ് ജോലി എന്നത് നാട്ടിലെ വച്ചുള്ള സ്വപ്നമായിരുന്നു. പക്ഷെ അതിനു വേൺടി കാത്തിരുന്നാൽ ഈ ജന്മത്ത് നടക്കില്ല എന്ന ബോദ്ധ്യം വന്നപ്പോഴാണ് ഡിഗ്രി കഴിഞ്ഞയുടൻ മുബൈ നഗരത്തിലേക്ക് ചേക്കറിയത്.

കെമിട്രിയിൽ ഡിഗ്രി എടുത്തത് അനുഗ്രഹമായി എന്ന് തോന്നിയത് അപ്പോഴാണ്, ജോലി കിട്ടാൻ ബുദ്ധിമുട്ടുൺടായില്ല. എന്നാൽ മനുഷ്യ ജീവനു് യാതൊരു വിലയുമില്ലാത്ത മഹാനഗരത്തിലെ തിരക്കുകൾ, പത്തു മില്യനോളം ജനങ്ങൾ ദിവസവും ട്രെയിനിൽ യാത്ര ചെയ്യുന്ന മെട്രോ നഗരത്തിലെ ജീർണ്ണതയിൽ ഒരു കൃമിയെപ്പോലുള്ള ജീവിതം അരോചകമായപ്പോഴാണ് അക്കാലത്തെ മലയാളികളുടെ കാനൽ ദേശമായിരുന്ന പേർഷ്യൻ ഗൾഫിലേക്ക് ഒരു വിസ തരമാക്കിയത്, അങ്ങനെ മുത്തുകളുടെയും പവിഴങ്ങളുടെയും നാടായ ബഹറിനിലെത്തി.

ബഹറിനിൽ നിന്ന് സൗദി അറേബ്യയായിലെ അൽക്കോബാറിലേക്ക് കടലിന് മുകളിലൂടെ ഇരുപത്തെട്ടു കിലോമീറ്റർ നീളുന്ന ബഹറിൻ-സൗദി കോസ്‌വേ പ്രൊജക്ടിലെ മെറ്റിരീയൽ ടെസ്റ്റിംഗ് ലാബിലെ ജോലിയിൽ പ്രവേശിച്ചതും പിന്നീട് ബഹറിനിലെ അമേരിക്കൻ എയർബേസ് പ്രൊജക്ടിൽ ജോലി ചെയ്ത് ഒന്നാം ഗൾഫ് യുദ്ധന്നാഹ സമയത്ത് ഗൾഫ് ജീവിതം മതിയാക്കി അമേരിക്കയിൽ കുടിയേറിയതുമെല്ലാം ചരിത്രം.

പീറ്റർ ഡേവിസി ലേക്ക് തിരിച്ചു വരാം, ടെസ്റ്റും ഇന്റർവ്യൂം കഴിഞ്ഞ് സിറ്റി ഗവൺമെന്റ് ജോലിക്കാരനായി ചെന്നത് ഭൂരിപക്ഷം വെള്ളക്കാരും പിന്നെ ആഫ്രിക്കൻ അമേരിക്കനും,ഫിലിപ്പൈനും,ചൈനക്കാരനും, തായ്ലെന്റുകാരനുമടങ്ങുന്ന ഓർഗാനിക് ലാബിലേക്കാണ്. അവിടെ വിൻസ് ഗ്രേസ്കവേജ് എന്ന

വെള്ളക്കാരന്റെ കീഴിൽ ജോലി ആരംഭിച്ചു. പിന്നീട് അനാലിറ്റിക്കൽ കെമിസ്റ്റായി പ്രൊമോഷൻ കിട്ടിയപ്പോൾ പീറ്ററുമൊത്ത് ഒരു പുതിയ പ്രൊജക്ടിൽ പങ്കാളിയായി.

ജലശുദ്ധികരണ പ്രക്രിയയിൽ ക്ലോറിൻ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ബൈപ്രൊഡക്ട് ഒരു പരിധി കഴിഞ്ഞാൽ കാൻസറിലേക്ക് വഴിതെളിക്കും അത് കുടിവെള്ളത്തിൽ എത്രമാത്രം ഉണ്ടാകും എന്ന് കണ്ടെത്തുക എന്ന പ്രൊജക്ടായിരുന്നു ഞങ്ങളുടേത്. പീറ്ററിന് കെമിസ്ട്രിയിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. കെമിസ്ട്രി സംബന്ധമായ എതൊരു ചോദ്യത്തിനും അദ്ദേഹത്തിന് ഉത്തരമുണ്ടായിരുന്നു. പീറ്ററുമായി ചേർന്നുള്ള പ്രോജക്ട് ഇംബ്ളിമെന്റ് ചെയ്ത് അനാലിസിസ്സും ആരംഭിച്ചശേഷം പീറ്ററിനെ സുപ്പർവൈസർ പുതിയൊരു ചുമതല ഏല്പിച്ചു.

പീറ്റർ ഒരു വിചിത്ര സ്വഭാവക്കാരനായിരുന്നു. ഒരു സ്വപ്ന ജീവി. എട്ടുമണിക്കുറുള്ള ജോലിസമയത്ത് പതിനാറ് കോഫിയും അത്രയും തന്നെ സിഗരറ്റും വലിച്ച് ബീഥോവന്റെ സംഗീതവും ശ്രവിച്ച് അതും മൂളി അധികനേരവും എകാന്തനായി നടന്നിരുന്ന അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു താൻ മറ്റൊരു ലോകത്ത് ആണെന്ന തോന്നൽ മനസ്സിനെ അലട്ടാറുണ്ടെന്ന്. അപ്പോൾ ഞങ്ങൾ കളിയായി പറയും അമിതമായ കോഫിയും സിഗരറ്റും പിന്നെ തലേ ദിവസത്തെ ബൂസ്സുമായിരിക്കാം ഈ തോന്നലിന് കാരണമെന്ന്.

കോഫിയല്ലാതെ ലഞ്ചിന് ഭക്ഷണം കൊണ്ടു വരുകയോ പുറത്തുപോയി കഴിക്കുന്നതോ ഒരിക്കൽപോലും കണ്ടിട്ടില്ല.എന്നാൽ ലാബിലെ കോഫി ക്ലബിൽ സജീവമായിരുന്ന പീറ്റർ കോഫി ക്ലബ് പാർട്ടികളിൽ ഭക്ഷണം കഴിക്കുകയും പ്രത്യേകിച്ചും ഇന്ത്യൻ ഭക്ഷണത്തോട് പീറ്ററിന് വലിയ പ്രതിപത്തിയും ഉണ്ടായിരുന്നു. അതുകൊണ്ടാകാം ഇന്ത്യയെപ്പറ്റി അറിയുവാനും ഇന്ത്യൻ സാംസ്ക്കാരിക തനിമകൾ, വൈവിദ്ധ്യമാർന്ന ഇന്ത്യൻ ഭക്ഷണക്രമങ്ങൾ എല്ലാം മനസ്സിലാക്കുവാനും പീറ്റർ ശ്രമിച്ചിരുന്നത്.

ലാബിലെ സെയഫ്റ്റി നിയമങ്ങളൊന്നും പീറ്റർ കാര്യമാക്കാറില്ലായിരുന്നു. മാരക വിഷമായ കെമിക്കലുകൾ ഗ്ളവ്സ്സോ മറ്റ് സുരക്ഷ സംവിധാനങ്ങളോ ഇല്ലാ തെയാണ് കൈകാര്യം ചെയ്തിരുന്നത്. ഹൈലി റ്റോക്സിക്കായ കെമിക്കലുകൾ മണത്തുനോക്കി അതെന്താണെന്ന് പറയുവാൻ കഴിയുമായിരുന്ന പീറ്ററിനെ ‘അൽകെമിസ്റ്റ്‘ എന്നും ഞങ്ങൾ വിളിച്ചിരുന്നു.

തനിക്കു അലോട്ട് ചെയ്തിരുന്ന ജോലികളിൽ ശ്രദ്ധിക്കാതെ മറ്റുള്ളവരെ സഹായിക്കുന്നതിനും അവരുടെ പ്രൊജക്ടിലെ സംശയങ്ങൾ ദൂരികരിക്കുന്നതിനും സമയം കണ്ടെത്തിയ പീറ്ററിന്റെ പിന്നാലെ മാനേജ്മെന്റിന്റെ അച്ചടക്ക നടപടികൾ ഒരോന്നായി വരുവാൻ തുടങ്ങി. താൻ സഹായിച്ചവർ ഔദ്യോഗിക തലത്തിൽ പടിപടിയായി ഉയർന്നപ്പോൾ പീറ്റർ അച്ചടക്ക നടപടികൾ നേരിട്ട് ഡിമോഷന് പാത്രമായി.

പീറ്ററിന്റെ മറ്റൊരു വിചിത്ര സ്വഭാവമായിരുന്നു ഓഫീസിലെ സ്ത്രീകളുടെ ജന്മദിനത്തിൽ അവർക്ക് പൂക്കൾ സമ്മാനിക്കുക, പീറ്ററിന്റെ മനസ്സിൽ അതിൽ നന്മ കണ്ടെങ്കിലും എന്തിനും എതിനും ലോ സ്യൂട്ടുകൾ ഫയൽ ചെയ്യുന്ന ഈ രാജ്യത്ത് പീറ്ററിന്റെ ചെയ്തികൾ നിരുപദ്രവകരമാണെന്നറിയാമായിരുന്നിട്ടും ഭാവിയിൽ ഒരു

പക്ഷെ ഉൺടാകാൻ സാദ്ധ്യതയുള്ള സെക്ഷ്യൽ ഹരാസ്സ്മെന്റ് ലോ പ്യൂട്ടുകളെ ഭയന്ന് പീറ്ററിന് വാർണിംഗ് ലെറ്റർ കൊടുത്ത് സൈക്കാട്രിക്ക് ഇവാല്യൂവേഷനായി അയച്ചു. ഇതെല്ലാം പീറ്ററിന് താങ്ങാവുന്നതിലധികമായരുന്നു.

മാനേജ്മെന്റിനെതിരെ ശീതസമരമാരംഭിച്ച പീറ്ററിന്റെ ഓരോ പ്രവർത്തികളും അവർ സൂക്ഷമമായി വീക്ഷിക്കാൻ തുടങ്ങി അതിന്റെ അനന്തരഫലം പീറ്ററിനെ വീൺടും ജോലിയിൽ നിന്ന് തരം താഴ്ത്തി.

കഴിവും ആത്മാർഥയുമുള്ള പീറ്ററിന്റെ പോക്ക് അപകടത്തിലേക്കാണെന്ന് മനസ്സിലാക്കിയ ഞങ്ങളിൽ പലരും പീറ്ററിനെ തിരികെ കൊൺടു വരുവാൻ ശ്രമിച്ചിരുന്നു.

എന്നാൽ അതിന് വഴിപ്പെടാതെ തന്റെ നാശത്തിന് വഴിയൊരുക്കുകയായിരുന്നു എന്ന് പീറ്റർ അറിഞ്ഞപ്പോഴെക്കും എറെ വൈകിപ്പോയിരുന്നു.

ചെറിയ ചെറിയ പാളിച്ചകൾ ഡോക്ക്മെന്റ് ചെയ്ത് മാനേജ്മെന്റ് ഭാഷയിൽ പറഞ്ഞാൽ പ്രോഗ്രസ്സീവ് ഡിസ്സപ്പ്ളിനറി ആക്ഷനിലൂടെ പീറ്ററിനെതിരായ കുറ്റപ്പത്രം റെഡിയാക്കി സ്വമേധയ പിരിഞ്ഞുപോകാനുള്ള ഓപ്ഷനും കൊടുത്തു, ഇല്ലെങ്കിൽ ഇരുപത് വർഷം ജോലിചെയ്തതിന്റെ പെൻഷൻപോലും ലഭിക്കില്ല എന്ന് പറഞ്ഞപ്പോൾ പീറ്റർ ശരിക്കും വാരിക്കുഴിയിൽ അകപ്പെട്ടതുപോലെയായി. പുറത്ത് കടക്കാനാവതെ അവസാനം ആ വിധിക്ക് നിന്ന് കൊടുത്ത് പീറ്റർ പടിയിറങ്ങി.

ഒരു നല്ല സൂഹൃത്തു ഇനി ജോലി സ്ഥലത്ത് കൂടെയുൺടാകില്ല എന്ന വേദന മനസ്സിൽ കടന്നുവന്നപ്പോൾ മനേജ്മെന്റ് അദ്ദേഹത്തോട് ചെയ്തത് നീതിയായിരുന്നോവെന്നും പീറ്റർ എന്ന മനുഷ്യസ്നേഹിയെ മനസ്സിലാക്കിയിരുന്നെങ്കിൽ ഈ ദുർവിധി ഉൺടാകുമായിരുന്നില്ല എന്നും മനസ്സ് പറഞ്ഞുകൊൺടിരുന്നു.

നാളുകളേറെ കഴിഞ്ഞു, കൂടെ ജോലി ചെയ്തിരുന്നവർ പലരും റിട്ടയർ ചെയ്ത് പുതിയ തലമുറക്ക് വഴിമാറിക്കൊടുത്തു. ഒരു ദിവസം ജോലി കഴിഞ്ഞു പോകുംവഴി വളരെ പരിചയമുള്ള ഒരാൾ നടന്നു പോകുന്നത് കൺട് കാറിന്റെ സ്പീഡ് കുറച്ച് ശ്രദ്ധിച്ചു നോക്കിയപ്പോൾ കാണുന്നത് പഴയ സുഹൃത്ത് പീറ്റർ ഡേവിസിനെയായിരുന്നു.

ആകെ മാറിയിരിക്കുന്നു, ആകാരത്തിലുൺടായിരുന്ന ആകർഷകത്വമെല്ലാം നഷ്ടപ്പെട്ട് തെരുവിലൂടെ ലക്ഷ്യമില്ലാതെ അലഞ്ഞു നടക്കുന്ന ഹോംലസ്സായ മനുഷ്യന്റെ പ്രതിതീ തോന്നുന്ന ശരീരപ്രകൃതവും വസ്ത്രധരണവും, പെട്ടെന്ന് വൺടി നിറുത്തി പീറ്ററിന്റെ അടുക്കലേക്ക് ചെന്ന് ഹസ്തദാനം ചെയ്ത് പരിചയം പുതുക്കി പീറ്ററിനെയും കൂട്ടി ഡൺഗിൻ ഡോണറ്റിലെത്തി കോഫിയും ഡോണറ്റും വാങ്ങി. കോഫിയും കുടച്ചിരുന്ന് പീറ്ററിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി തിരക്കിയപ്പോൾ കേട്ട കഥകൾ കരളലിയിക്കുന്നതായിരുന്നു.

ജോലി നഷ്ടപ്പെട്ട്, കുടുംബം പോറ്റാൻ പല തരത്തിലുള്ള താഴ്ന്നജോലികളും നോക്കി അവസാനം പീക്സാ ഷോപ്പിൽ മിനിമം വേജിൽ പീക്സാ

ഡെലിവറിക്കാരനായി ജോലി നോക്കുന്നു. സയൻന്റിസ്റ്റും ജീനിയസ്സുമായിരുന്ന പീറ്ററിന്റെ ആ അവസ്ഥ മനസ്സിനെ എറെ വേദനിപ്പിച്ചു. വിധിയുടെ ബലിമൃഗമായി തീർന്ന ഇതാ ഒരു മനുഷ്യൻ.

വീണ്ടും കാണാം എന്ന് പറഞ്ഞ് പിരിഞ്ഞു. അന്ന് രാത്രി പീറ്ററിനെക്കുറിച്ചുള്ള ഓർമ്മകൾ ഉറക്കം കെടുത്തി. അന്തസ്സാരുന്യമായ അമേരിക്കൻ ജീവിത തിരക്കിലും മറ്റ് വ്യവഹാരങ്ങളിലുംപ്പെട്ട് പലതും മറന്ന കൂട്ടത്തിൽ പീറ്ററിനെയും മറന്നു.

ഒരു സമ്മർ വെക്കേഷന് കുടുംബവുമായി നാട്ടിൽ പോയി തിരിച്ചു വന്നപ്പോഴാണ് ആ വാർത്തയറിഞ്ഞത് പീറ്റർ ഡേവിസ് എന്ന എന്റെ പ്രിയ സുഹൃത്ത് ഇഹലോകവാസം വെടിഞ്ഞെന്ന്. പെട്ടെന്നുണ്ടായ ഹാർട്ട് അറ്റാക്കായിരുന്നു മരണ കാരണമൊന്നും അറിയാൻ കഴിഞ്ഞു. അകാലത്തിൽ കൊഴിഞ്ഞപോയ ആ സുഹൃത്തിന്റെ വേർപാട് ഒരു മുറിപ്പാടായി മനസ്സിൽ വിങ്ങലുണ്ടാക്കി.

പീറ്റർ ജീവിച്ചിരുന്ന സമൂഹവും ചുറ്റുപാടുകളുമാണോ അയാളെ മരണത്തിലേക്ക് തള്ളി വിട്ടത്? അതിനെ വിധിയെന്ന് പറഞ്ഞ് ന്യായികരിക്കാൻ പറ്റുമോ? പീറ്റർ തന്റെ മരണത്തിലേക്ക് സ്വയം നടന്നു കയറുകയായിരുന്നോ? എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ സ്വയം ചോദിച്ച് ഉത്തരത്തിനായി തിരഞ്ഞു കൊണ്ടിരിക്കുന്നു.

.